# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2773 — 14/2/2013-ൽ മറുപടിക്ക്

## ചുമട്ടുതൊഴിലാളി ക്ഷേമനിധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ. | | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) | |
| (എ) | കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധിബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. ബോർഡിന്റെ പ്രവർത്തനം ബോർഡ് യോഗങ്ങളിലും, ബോർഡ് ഉപസമിതികളിലും വിശദമായി ചർച്ച ചെയ്യുകയും ആയതിന്റെ റിപ്പോർട്ടുകളും, വാർഷിക ബജറ്റും, വാർഷിക ആഡിറ്റ് അവലോകനവും പ്രവർത്തനറിപ്പോർട്ടും തയ്യാറാക്കി വിശദമായ ചർച്ചയ്ക്ക് ശേഷം ആയത് സംബന്ധിച്ച ശുപാർശകളും ചേർത്ത് സർക്കാരിന് അതാത്കാലങ്ങളിൽ സമർപ്പിക്കുകയും സർക്കാർ ആയവ വിലയിരുത്തി ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. |
| (ബി) | ബോർഡു വഴി വിതരണം ചെയ്യുന്ന ധനസഹായവും വായ്പയും കാലാനുസൃതമായി പരിഷ്ക്കരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും ധനസഹായവും വായ്പയും പരിഷ്ക്കരിക്കുന്നതിനുംനടപടി സ്വീകരിക്കുമോ? | (സി) | ബോർഡ് ശുപാർശകളിന്മേൽ വേണ്ട നടപടികൾ സർക്കാർ കാലാകാലങ്ങളിൽ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ